**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1571** **01-02-2024 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ റെയിൽവേ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലങ്ങളായ കടുത്തുരുത്തി, കുറുപ്പന്തറ, കോതനല്ലൂർ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വിശദീകരിക്കാമോ; | (എ) | 1. കുറുപ്പന്തറ ROB<br><br>കുറുപ്പന്തറ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പ് നടപടിയിലെ 11 (1) പ്രാരംഭ വിജ്ഞാപനം 16.07.2020-ലും 19(1) വകുപ്പ് പ്രകാരമുള്ള പ്രഖ്യാപനം 14-07-2022-ലും പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. 68 കൈവശങ്ങൾ ഉൾപെട്ടു വരുന്നതിൽ 61 കേസുകളിൽ അവാർഡ് പാസാക്കിയിട്ടുള്ളതാണ്. സ്ഥലമെടുപ്പ് നടപടികൾക്ക് എതിരെ ശ്രീ. കെ ജെ. ജയിംസ്, കണ്ടാരപ്പള്ളിൽ, ശ്രീ അലക്സ് തയ്യിൽ എന്നിവർ ഫയൽ ചെയ്ത WP (C)18680/21 നമ്പർ കേസിൽ നടപടിക്രമങ്ങൾ തുടരുന്നത് സംബന്ധിച്ച് ഇടക്കാല ഉത്തരവിൽ വ്യക്തത വരുത്താത്ത പക്ഷം, ബാക്കിയുള്ള കേസുകളിൽ അവാർഡ് പാസാക്കുന്നതും ഹർജിക്കാർ ഒഴികെയുള്ള ഭൂവുടമകൾക്ക് അവാർഡ് വിതരണം ചെയ്യുന്നതും ഉൾപ്പെടെയുള്ള തുടർനടപടികളൊന്നും സ്വീകരിക്കാൻ പാടില്ല എന്ന് സ്പെഷ്യൽ ഗവൺമെൻറ് പ്ലീഡർ നിയമോപദേശം നൽകിയിട്ടുള്ളതാണ്. WP (C)18680/21 നമ്പർ കേസിൽ അന്തിമ ഉത്തരവ് ലഭ്യമായിട്ടില്ല.<br><br>പ്രസ്തുത പദ്ധതിക്കായി അർത്ഥനാധികാരിയായ RBDCK മാനേജിംഗ് ഡയറക്ടർ അഡീഷണൽ റിക്വിസിഷൻ സമർപ്പിച്ചിട്ടുള്ള വസ്തുക്കളുടെ BVR 24/04/2023-ൽ അംഗീകരിച്ചിട്ടുള്ളതാണ്. നഷ്ടപരിഹാര തുക തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത സ്ഥലമെടുപ്പ് നടപടികളുടെ അവാർഡ് പാസ്സാക്കുന്നതിനുള്ള സമയപരിധി 6 മാസം കൂടി ദീർഘിപ്പിച്ച് ജി.ഒ.(പി)നം. 188/2023/റവ തീയതി 09.08.2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.<br><br>2.കടുത്തുരുത്തി ROB |

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതിയ്ക്കായി പുതുക്കിയ അർത്ഥന 28.09.2022-ൽ അർത്ഥനാധികാരിയായ RBDCK മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ളതും SIA പഠനം നടത്തുന്നതിനായി കേരള വോളണ്ടറി ഹെൽത്ത് സർവ്വീസസിനെ തെരെഞ്ഞെടുത്ത് 4(1) നോട്ടിഫിക്കേഷൻ 07.05.2023-ൽ ഗസറ്റിൽ പരസ്യപെടുത്തിയിട്ടുള്ളതുമാണ്. SIA പഠന റിപ്പോർട്ട് വിലയിരുത്തുന്നതിന് 09/11/2023 തീയതിയിൽ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>3 <u>കോതനല്ലൂർ ROB</u><br><br>കുറുപ്പന്തറ - ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുകൾക്കിടയിലുള്ള LC No.23 ROB നിർമ്മാണത്തിനായി വൈക്കം താലൂക്കിൽ കോതനല്ലൂർ വില്ലേജിൽപ്പെട്ട 52.85 ആർ വസ്തു LARR Act 2013 പ്രകാരം എടുക്കുന്നതിനായി 4(1) നോട്ടിഫിക്കേഷൻ 15.07.2022 ലും 11(1) വിജ്ഞാപനം 13.03.2023 ലും ഗസറ്റിൽ പരസ്യപെടുത്തിയിട്ടുള്ളതാണ്. സർവ്വെ പൂർത്തീകരിച്ച് മഹസ്സർ തയ്യാറാക്കിയിട്ടുള്ളതും BVR അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കടുത്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ഈ റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പിൽ ഉണ്ടായിരിക്കുന്ന പ്രധാനതടസ്സങ്ങൾ വിശദീകരിക്കാമോ; പ്രസ്തുത പദ്ധതിയുടെ സാമൂഹികാഘാത പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | കടുത്തുരുത്തി RCB പദ്ധതിയുടെ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതാണ്. പദ്ധതിയുടെ SIA പഠനം നടത്തുന്നതിനായി കേരള വോളണ്ടറി ഹെൽത്ത് സർവ്വീസസിനെ തെരെഞ്ഞെടുത്തിട്ടുള്ളതും 4(1) നോട്ടിഫിക്കേഷൻ 07.05.2023 ൽ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുള്ളതുമാണ്. SIA പഠന റിപ്പോർട്ട് വിലയിരുത്തുന്നതിന് 09/11/2023 തീയതിയിൽ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നതുമാണ്. വിദഗ്ദ സമിതിയിൽ കൺവീനറായി ചുമതലപ്പെടുത്തിയിരുന്ന അർത്ഥനാധികാരിയുടെ പ്രതിനിധി വിദേശത്ത് ജോലി ലഭിച്ച് പോയതിനാൽ വിദഗ്ധ സമിതി യോഗം ചേരുന്നതിന് സാധിച്ചിരുന്നില്ല. ഇത് സംബന്ധിച്ച് അർത്ഥനാധികാരി 18/01/2024 ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ